ഭൂമി തരംമാറ്റ അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കാൻ നിർദേശം

കാക്കനാട് : ജില്ലയിൽ കെട്ടിക്കിടക്കുന്ന ഭൂമി തരംമാറ്റ അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കാൻ ജൂലൈ ഒന്നു മുതൽ 30 വരെ ഒരു മാസം നീണ്ടുനിൽക്കുന്ന കർമ്മപദ്ധതി നടപ്പാക്കാൻ ജില്ലാ കലക്ടർ ജി. പ്രിയങ്ക നിർദ്ദേശം നൽകി. തരംമാറ്റ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത പ്രത്യേക യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കലക്ടർ.

ജനങ്ങളുടെ ഈ ആവശ്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. കർമ്മപദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജൂലൈ 30 നകം വില്ലേജ് ഓഫീസർമാർ, അഗ്രികൾച്ചർ ഓഫീസർമാർ എന്നിവരുടെ പ്രത്യേക യോഗം വിളിച്ച് ചേർത്ത് അവരുടെ പ്രായോഗിക വെല്ലുവിളികൾക്ക് പരിഹാരം കാണും. ജീവനക്കാരുടെ കുറവ് നികത്താൻ ഡെപ്യൂട്ടി കലക്ടർമാരുടെ ആവശ്യാനുസരണം ക്ലർക്കുമാരെയും ജൂനിയർ സൂപ്രണ്ടുമാരെയും പുനർവിന്യസിക്കും. ഉദ്യോഗസ്ഥർക്ക് ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ വ്യക്തമായ ടാർഗെറ്റുകൾ നൽകി 'വർക്ക് ഫ്രം ഹോം' സൗകര്യം അനുവദിക്കുമെന്നും ജില്ലാ കലക്ടർ പറഞ്ഞു.

ഓരോ ദിവസവും തീർപ്പാക്കിയ കേസുകളുടെ എണ്ണം ഡെപ്യൂട്ടി കലക്ടർമാർ ജില്ലാ കലക്ടറെ നേരിട്ട് അറിയിക്കണം. ഇതിന് പുറമേ ആഴ്ചയിലൊരിക്കൽ കൃത്യമായ അവലോകന യോഗങ്ങളും ചേരും. സ്ഥലപരിശോധന വേഗത്തിലാക്കാൻ താൽക്കാലിക അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകക്കെടുക്കാനും ജില്ലാ കലക്ടർ നിർദ്ദേശം നൽകി.

അഗ്രികൾച്ചർ ഓഫീസർമാർ നിരസിക്കുന്ന അപേക്ഷകളിൽ നിർബന്ധമായും അതാത് സ്ഥലങ്ങളുടെ ജിയോ ടാഗ് ചെയ്ത ചിത്രങ്ങൾ രേഖയായി നൽകണം. കോടതി നടപടികളിലുള്ള കേസുകൾ കൃത്യമായി നിരീക്ഷിക്കുന്നതിനായി എല്ലാ താലൂക്ക് ഓഫീസുകളിലും സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കാനും യോഗത്തിൽ നിർദ്ദേശിച്ചു.

ഓരോ ഫയലിലും ഓരോ ജീവിതമാണുള്ളതെന്നും, ഭൂരിഭാഗം ആളുകളും തങ്ങളുടെ അടിയന്തര ആവശ്യങ്ങൾക്കായി ഭൂമി കൈമാറ്റം ചെയ്യേണ്ടി വരുമ്പോഴാണ് തരംമാറ്റത്തിനായി ഓഫീസുകളെ സമീപിക്കുന്നതെന്നും അതിനാൽ അപേക്ഷകൾ അനുഭാവപൂർവം പരിഗണിക്കണമെന്നും ജില്ലാ കലക്ടർ പറഞ്ഞു.

ജില്ലയിൽ ഇതുവരെ 76,800 തരംമാറ്റ അപേക്ഷകൾ തീർപ്പാക്കി. നിലവിൽ വിവിധ താലൂക്കുകളിലായി ആകെ 59,937 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. ഇതിൽ കണയന്നൂർ താലൂക്കിൽ 14,606 കേസുകളും, ആലുവയിൽ 12,011 കേസുകളും, പറവൂരിൽ 11,274 കേസുകളും, കോതമംഗലം, മൂവാറ്റുപുഴ താലൂക്കുകളിലായി 8,906 കേസുകളും, കുന്നത്തുനാട്ടിൽ 8,879 കേസുകളും, ഫോർട്ട് കൊച്ചിയിൽ 4,261 കേസുകളുമാണ് തീർപ്പാക്കാനുള്ളത്. കലക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ മനോജ്, സബ് കലക്ടർ ഗ്രന്ഥേ സായി കൃഷ്ണ, ഡെപ്യൂട്ടി കലക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

മുവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഒാപി ടോക്കൺ സംവിധാനം

മുവാറ്റുപുഴ: രോഗികളുടെ സൗകര്യം മുൻനിർത്തി മുവാറ്റുപുഴ ജനറൽ ആശുപത്രിയിൽ നഗരസഭയുടെ നേതൃത്വത്തിൽ ആധുനിക ഒ.പി. ടോക്കൺ സംവിധാനം പ്രവർത്തനം ആരംഭിച്ചു. ഇതോടെ ഒ.പി. ടിക്കറ്റ് എടുക്കുന്നതിനായി രോഗികൾ നേരിട്ടിരുന്ന നീണ്ട ക്യൂവിനും അതുമായി ബന്ധപ്പെട്ട പരാതികൾക്കും പരിഹാരമായി. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കാത്തിരിക്കാൻ കൂടുതൽ ഇരിപ്പിടങ്ങളും നഗരസഭ ഒരുക്കിയിട്ടുണ്ട്.

സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോക്കൺ ഡിസ്പെൻസറുകളും 60 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കായി പ്രത്യേക ടോക്കൺ ഡിസ്പെൻസറും ഉൾപ്പെടെ ആകെ മൂന്ന് ടോക്കൺ ഡിസ്പെൻസറുകളാണ് ആശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്നത്. ഇതിലൂടെ രോഗികൾക്ക് കൂടുതൽ വേഗത്തിലും ക്രമബദ്ധമായും ഒ.പി. സേവനങ്ങൾ ലഭ്യമാകുമെന്ന് അധികൃതർ അറിയിച്ചു.

മുവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ആരംഭിച്ച ടോക്കൺ സംവിധാനം ചെയർപേഴ്സൺ ജോയിസ് മേരി ആന്റണി ആദ്യ ഒ.പി. ടിക്കറ്റ് സ്വീകരിച്ച് നിർവഹിക്കുന്നു

ടോക്കൺ സംവിധാനത്തിന്റെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ജോയിസ് മേരി ആന്റണി ആദ്യ ഒ.പി. ടിക്കറ്റ് സ്വീകരിച്ച് നിർവഹിച്ചു. വൈസ് ചെയർപേഴ്സൺ അബ്ദുൽ സലാം ചടങ്ങിൽ അധ്യക്ഷത വഹിച്ചു.ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ സി. എം. ഷുക്കൂർ, വാർഡ് കൗൺസിലർ ശീത റാണി തോമസ്, ആശുപത്രി സൂപ്രണ്ട്, ഡോക്ടർമാർ, ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഓറിയന്റേഷൻ പ്രോഗ്രാം ഇന്ന്

വൈക്കം: സ്വദേശത്തും വിദേശത്തും തൊഴിൽ സാധ്യതയുള്ള ലോജിസ്റ്റിക് മേഖലയെ കുറിച്ച് വിശദീകരിക്കുന്ന ഓറിയന്റേഷൻ പ്രോഗ്രാം ഇന്ന് രാവിലെ 10.30ന് വൈക്കം വെൽഫെയർ സെന്ററിൽ നടക്കും. എറണാകുളം-അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഫോൺ: 8075165696, 8943710720.

വീര്യം കുറഞ്ഞ മദ്യവിൽപ്പന അനുവദിക്കരുത്: കെസിബിസി

കോതമംഗലം: കേരളത്തിൽ വീര്യം കുറഞ്ഞ മദ്യവിൽപന അനുവദിക്കരുതെന്നു കെസി ബിസി മദ്യ-ലഹരി വിരുദ്ധ സമിതി കോതമംഗലം രൂപത കമ്മിറ്റി. മദ്യവ്യാപനത്തിനു കാരണമാകുന്നതും പുതുതലമുറയെ ലഹരിയിലേക്ക് ആകർഷിക്കുന്നതുമായ പ്രഖ്യാപനമാണു വീര്യം കുറഞ്ഞ മദ്യവിൽപന. ലഹരി ഉപയോഗം നിയന്ത്രിക്കാൻ സർക്കാർ നടപ്പാക്കുന്ന തൂഫാൻ, തണ്ടർ പദ്ധതികൾ പരാജയപ്പെടാനും ഇതു കാരണമാകുമെന്നു യോഗം ചൂണ്ടിക്കാട്ടി. രൂപത ഡയറക്ടർ ഫാ. ജയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജയിംസ് കോറമ്പേൽ അധ്യക്ഷനായി.

സാംസ്കാരിക ശിൽപ്പശാല

വൈക്കം: പുരോഗമന കലാ സാഹിത്യ സംഘം ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മിത്ത്, മതം, മാനവികത എന്ന വിഷയത്തിൽ സാംസ്കാരിക ശിൽപശാല സംഘടിപ്പിച്ചു. പി കൃഷ്ണപിള്ള ഗ്രന്ഥശാല പഠന കേന്ദ്രത്തിൽ നടന്ന ശിൽപശാല പുകസ സംസ്ഥാന കമ്മിറ്റി അംഗം അംബരീഷ് ജി വാസു ഉദ്ഘാടനം ചെയ്തു. ബി ജയശങ്കർ അധ്യക്ഷത വഹിച്ച യോഗത്തിൽ ഏരിയാ ജോ. സെക്രട്ടറി പി.ആർ സാബു വിഷയാവതരണം നടത്തി. ഏരിയ സെക്രട്ടറി കെ.കെ ശശികുമാർ, പി.കെ ഓമന, കെ.ആർ ബീന, പ്രദീപ് മാളവിക, പി.കെ ശശികുമാർ, ജി.വികുമാർ, ടി.എൻ സുരേഷ്, എം.ആർ ഗോപി, രവിശങ്കർ, സുധീർഷാ, കെ.കെ ജയപ്രകാശ്, എസ്.ബാബു, പി.എസ് സുരേഷ് കുമാർ, ബി അജിത് കുമാർ, ജെ.ജെ പ്രമോദ്, ബിച്ചു എസ് നായർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ലീവ് സറണ്ടർ പുനഃസ്ഥാപിക്കണം

കോതമംഗലം: ജീവനക്കാരുടെ ലീവ് സറണ്ടർ മരവിപ്പിച്ച നടപടി പിൻവലിച്ച് ഉത്തരവിറക്കണമെന്നു കേരള എയ്ഡഡ് സ്കൂൾ - നോൺ ടീച്ചിങ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമിതി ആവശ്യപ്പെട്ടു.സമയബന്ധിതമായി ഉത്തരവു പരിഷ്കരിക്കാത്തതിനാൽ കുറെ ജീവനക്കാർക്ക് ആനുകൂല്യം ലഭിക്കുകയും മറ്റു ചിലർക്കു നഷ്ടപ്പെടുകയും ചെയ്തു. ക്ലാസ് ഫോർ ക്ലാസ് ത്രീ ജീവനക്കാർക്ക് സറണ്ടർ ആനുകൂല്യം പണമായി പിൻവലിക്കാൻ നടപടി വേണം. എയ്ഡഡ് മേഖലയിലെ അനധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉടൻ യോഗം വിളിക്കണമെന്നും സംസ്ഥാന സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു.

യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഷിനോജ് പാപ്പച്ചൻ അധ്യക്ഷനായി. ജനറൽ സെക്രട്ടറി എൻ.വി. മധു, അജി കുര്യൻ, സി.സി. ഷാജു, ബേസിൽ പോൾ, സി.എ. സോണി, കെ. അനിൽ, ടി.ബി. രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

കൊച്ചിയിൽ രേഖകളില്ലാതെ താമസം

ആറ് ബംഗ്ലാദേശ് സ്വദേശികളെ പൊലീസ് അറസ്റ്റ് ചെയ്തു

കൊച്ചി: കൃത്യമായ രേഖകളില്ലാതെ നിയമവിരുദ്ധമായി കൊച്ചി എരൂരിൽ താമസിച്ചുവന്ന ആറ് ബംഗ്ലാദേശ് സ്വദേശികളെ പൊലീസ് അറസ്റ്റ് ചെയ്തു. ഇന്റലിജൻസ് ഏജൻസികളിൽ നിന്ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ വ്യാഴാഴ്ച എരൂർ കുറ്റിപ്പാടം റോഡിലെ ഒരു ആക്രിക്കടയിൽ പൊലീസ് നടത്തിയ റെയ്ഡിലാണ് ഇവർ പിടിയിലായത്.പരിശോധനയ്ക്കിടെ ആക്രിക്കടയിലെ ജീവനക്കാരുടെ തിരിച്ചറിയൽ കാർഡുകളും മറ്റ് രേഖകളും പൊലീസ് പരിശോധിച്ചപ്പോഴാണ് അവ വ്യാജമാണെന്ന് കണ്ടെത്തിയത്. രാകിവ് ഷാബ, മുഹമ്മദ് സോഹൽ ഫറാസ്, താരേഖ്, സോഗിർ, മൈധി ഹാസിദ, മുഹമ്മദ് അഗിൻ എന്നിവരാണ് അറസ്റ്റിലായ ബംഗ്ലാദേശ് സ്വദേശികൾ. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിൽ തങ്ങൾ ബംഗ്ലാദേശിൽ നിന്നുള്ളവരാണെന്നും കഴിഞ്ഞ ഏതാനും മാസങ്ങളായി കൊച്ചിയിൽ ജോലി ചെയ്തു വരികയാണെന്നും പ്രതികൾ സമ്മതിച്ചു.

പിടിയിലായ പ്രതികളെ പിന്നീട് ഹിൽ പാലസ് പൊലീസ് സ്റ്റേഷനിലേക്ക് മാറ്റി. ഇവിടെ വെച്ച് കേന്ദ്ര-സംസ്ഥാന ഇന്റലിജൻസ് ഏജൻസികൾ ഇവരെ വിശദമായി ചോദ്യം ചെയ്തു. സംഭവത്തിൽ ഭാരതീയ ന്യായ സംഹിതയിലെയും ഇമിഗ്രേഷൻ - ഫോറിനേഴ്സ് ആക്റ്റിലെയും വിവിധ വകുപ്പുകൾ പ്രകാരം പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.പ്രതികൾ എങ്ങനെയാണ് കേരളത്തിൽ എത്തിയതെന്നും ഇവർക്ക് യാത്രയ്ക്കുള്ള സൗകര്യങ്ങളും വ്യാജ രേഖകളും ഒരുക്കി നൽകിയത് ആരാണെന്നും കണ്ടെത്താൻ പൊലീസ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അറസ്റ്റിലായവരെ റിമാൻഡ് നടപടികളുടെ ഭാഗമായി കോടതിയിൽ ഹാജരാക്കുമെന്ന് പൊലീസ് ഉദ്യോഗസ്ഥർ അറിയിച്ചു.

ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു

കോതമംഗലം: പിണ്ടിമന ഗവ. യു.പി. സ്കൂളിൽ ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.ലഹരി വിരുദ്ധ പോസ്റ്റർ പ്രദർശനത്തോടെ പരിപാടികൾക്ക് തുടക്കമായി.തുടർന്ന് നടന്ന ചടങ്ങിൽ ലഹരി വിരുദ്ധ റാലിയുടെ ഉദ്ഘാടനം എം.പി. ഡീൻ കുര്യാക്കോസ് നിർവഹിച്ചു. ചടങ്ങിൽ എസ് എം സി ചെയർമാൻ നിത്യ വിൽസൺ അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് ലിജി വി. പോൾ സ്വാഗതം ആശംസിച്ചു.

തുടർന്ന് വിദ്യാർത്ഥികൾ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉയർത്തിപ്പിടിച്ച് റാലി നടത്തി. റാലിക്ക് ശേഷം നടന്ന അസംബ്ലിയിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. പോസ്റ്റർ രചന മത്സര വിജയികളെ അനുമോദിക്കുകയും വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബ് അവതരിപ്പിക്കുകയും ചെയ്തു.യു.പി. വിഭാഗം കുട്ടികൾക്കായി "സേ നോട്ട് ടു ഡ്രഗ്സ്" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

തുടർന്ന് "ലഹരിക്കെതിരെ തൂഫാൻ ഗോളുകൾ" എന്ന പേരിൽ കായിക പ്രവർത്തനവും പെനാൽട്ടി ഷൂട്ടൗട്ട് മത്സരവും സംഘടിപ്പിച്ചു. ലഹരിയെ ജീവിതത്തിൽ നിന്ന് അകറ്റി ആരോഗ്യകരമായ ജീവിതശൈലി വളർത്തിയെടുക്കുക എന്ന സന്ദേശമാണ് പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് നൽകിയത്.അധ്യാപകരായ ദീപൻ വാസു, ദിവ്യ മോൾ എ കെ എന്നിവർ നേതൃത്വം നൽകി.

മാർ പാംപ്ലാനി തുടർന്നാൽ അതിരൂപതയിൽ സഭാ തീരുമാനങ്ങൾ നടപ്പാകില്ല

കൊച്ചി: സഭാരുദ്ധരുമായി കൂട്ടുചേർന്ന് അതിരൂപത ഭരണം നടത്തുന്ന മാർ ജോസഫ് പ്ലാനിയേയും അദ്ദേഹത്തിന്റെ കൂരിയ അംഗങ്ങളേയും അവിടെ തുടരാൻ അനുവദിച്ചാൽ എറണാകുളം - അങ്കമാലി അതിരൂപതയിൽ ഏകീകൃത കുർബാന ഉൾപ്പെടെയുള്ള സഭാ തീരുമാനങ്ങൾ നടപ്പാകില്ലെന്ന് എറണാകുളം അരമനയ്ക്കു മുന്നിൽ വൺ ചർച്ച് വൺ കുർബാന മൂവ്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു ചെയർമാൻ അഡ്വ. മത്തായി മുതിരേന്തി പറഞ്ഞു.

നിയമവിരുദ്ധ മാർഗരേഖ ഉണ്ടാക്കിയും കുറ്റക്കാരെ സംരക്ഷിച്ചും അതിരൂപത ഭരണം നടത്തുന്നവർ സഭയുടെയോ വിശ്വാസികളുടെയോ താല്പര്യം സംരക്ഷിക്കുന്ന വരല്ലെന്നും ഇവരെ തൽസ്ഥാനങ്ങളിൽ നിന്നും എത്രയും വേഗം പുറത്താക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജനറൽ കൺവീനർ അഡ്വ. ജോയി ജോർജ് വെട്ടിക്കൽ മുഖ്യ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി വിത്സൻ വടക്കുഞ്ചേരി,വൈശാഖ് ഉദയംപേരൂർ, ജോർജ് പുല്ലാട്ട്, കുഞ്ഞുമോൻ പാലാരിവട്ടം, അപ്പച്ചൻ പുളിക്കാപ്പിള്ളി, ജോർളി സേവ്യർ,ജൂലി അലക്സ് എന്നിവർ പ്രസംഗിച്ചു.

ഏകീകൃത കുർബാന നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച് വൺ ചർച്ച് വൺ കുർബാന മൂവ്മെന്റിന്റെ നേതൃത്വത്തിൽ എറണാകുളം അരമനക്കു മുന്നിൽ നടത്തിയ പ്രതിഷേധ സമരം ചെയർമാൻ അഡ്വ. മത്തായി മുതിരേന്തി ഉദ്ഘാടനം ചെയ്യുന്നു.

സിനിമാ പ്രദർശനം ഇന്ന്

കോതമംഗലം: സുമംഗല ഫിലിം സൊസൈറ്റി ഇന്ന് വൈകിട്ട് 5നു മെന്റർ അക്കാദമി ഹാളിൽ ജാഫർ പനാഹിയുടെ 'ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ്' സിനിമ പ്രദർശിപ്പിക്കും.

കയ്യേറ്റം ഒഴിവാക്കണമെന്ന് നഗരസഭ

കോതമംഗലം: നഗരസഭയിൽ പൊതുവഴികളുടെ അരികിൽ ചെടികളും പച്ചക്കറികളും നട്ടുവളർത്തുന്നവർ ഇത് ഒഴിവാക്കണം. സഞ്ചാരസ്വാതന്ത്ര്യം തടയുന്ന കയ്യേറ്റങ്ങൾ ഒഴിവാക്കാൻ തയാറായില്ലെങ്കിൽ നഗരസഭയിൽ നിന്നു നീക്കംചെയ്തത് സ്ഥലം ഉടമയിൽ നിന്നു പിഴ ഈടാക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

പി. ജയരാജന്റെ പുസ്തക സംവാദം 28ന്

കോതമംഗലം: അസീസ് റാവുത്തർ പഠന ഗവേഷണ കേന്ദ്രവും നെല്ലിക്കുഴി യുഗദീപ്തി ഗ്രന്ഥശാലയും ചേർന്ന് പി. ജയരാജൻ രചിച്ച സനാതനികളുടെ ഹിന്ദുത്വ വഴികൾ എന്ന പുസ്തത്തെ കുറിച്ച് പുസ്തക സംവാദം. നാളെ വൈകിട്ട് അഞ്ചിന് നെല്ലിക്കുഴി കെ.ടി.എൽ ഓഡിറ്റോറിയത്തിൽ നടക്കുന്ന സംവാദത്തിൽ പി. ജയരാജൻ മുഖ്യപ്രഭാഷണം നടത്തും.സംഘാടക സമിതി ചെയർപേഴ്സൺ റഷീദ സലിം അധ്യക്ഷത വഹിക്കും.മഹാരാജാസ് കോളെജ് മലയാള വിഭാഗം മേധാവി പ്രഫ. സുമി ജോയി ഓലിയപ്പുറം പുസ്തകം പരിചയപ്പെടുത്തും. അഡ്വ. കെ.ആർ. സുനിൽകുമാർ, പ്രസിഡന്റ് കെ.ഒ. കുര്യാക്കോസ്, എം.കെ. ബോസ് എന്നിവർ പ്രസംഗിക്കും.

വായനാ വാരാചരണം സമാപിച്ചു

തലയോലപ്പറമ്പ്: ഡിബി കോളെജ് ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ നടന്നുവന്ന വായന വാരാചരണം സമാപിച്ചു. പരിപാടിയുടെ ഭാഗമായി പുസ്തക പ്രദർശനവും പുസ്തക പരിചയവും നടത്തി. പ്രിൻസിപ്പാൾ ഡോ. ആർ അനിത, ഹിന്ദി വിഭാഗം മേധാവി ഡോ. ദീപാകുമാരി, മലയാളവിഭാഗം അസി. പ്രൊഫ. ഡോ. സൗമ്യ ദാസൻ എന്നിവർ വിവിധ പുസ്തകങ്ങൾ പരിചയപ്പെടുത്തി. ഗവേഷണ വിദ്യാർഥിനികളായ ബി അതുല്യ, കെ.കെ അനുപമ, ജലീറ്റ ജോയ്, ശ്രീലക്ഷ്മി എസ് നായർ, പിജി വിദ്യാർഥിനി എം.എസ് ഹിഫ്നിയ എന്നിവർ പുസ്തക വായനാനുഭവം പങ്കുവെച്ചു.

പി.എൻ പണിക്കരുടെ ജീവചരിത്രവും സാംസ്കാരിക സംഭാവനകളും അടങ്ങുന്ന ലഘുലേഖകളുടെ പ്രദർശനവും ഉണ്ടായിരുന്നു. കുട്ടികൾ നിർമിച്ച ബുക്ക് മാർക്കുകൾ ക്യാംമ്പസിൽ വിതരണം ചെയ്തു. ലൈബ്രേറിയൻ എം.എസ് അനൂപ്, അസി. പ്രൊഫസർമാരായ ഡോ. മാലിനി മുരളി, ഡോ. ജി രമ്യ, ഡോ. കെ.എം ശ്രീലക്ഷ്മി, ആശിഷ് മാർട്ടിൻ ടോം എന്നിവരുടെ നേതൃത്വം നൽകി.

തലയോലപ്പറമ്പ് ഡി.ബി കോളെജ് ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ നടന്ന വായന വാരാചരണ സമാപനത്തിൽ ഇംഗ്ലീഷ് ഗവേഷക ശ്രീലക്ഷ്മി എസ് നായർ പുസ്തക പരിചയം നടത്തുന്നു.

കുടുംബശ്രീ-സ്നേഹിത-ലോകകപ്പ് പ്രവചന മത്സരം 2026

കൊച്ചി: കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ ജെൻഡർ വികസന വിഭാഗം നടപ്പിലാക്കുന്ന സ്നേഹിത കുടുംബശ്രീ ജെൻഡർ ഹെല്പ് ഡെസ്ക്ക് പദ്ധതിയുടെ വ്യാപക പ്രചരണാർത്ഥം ലോകകപ്പ് ഫുട്ബോൾ പ്രവചന മത്സരം സംഘടിപ്പിക്കുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വി. വിഘ്നേശ്വരി ഐഎഎസ് മത്സരത്തിന്റെ പോസ്റ്റർ പ്രകാശനം നടത്തി.

ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ പശ്ചാത്തലത്തിൽ സ്നേഹിതയുടെ വ്യാപക പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് മത്സരം സംഘടിപ്പിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിന് കാക്കനാട് ആ സ്ഥാനമായി പ്രവർത്തിക്കുന്ന സ്നേഹിതയിൽ അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താൽക്കാലിക താമസം ഭക്ഷണം വസ്ത്രം കൗൺസിലിംഗ് മുതലായ സേവനങ്ങൾ നൽകി വരുന്നു.

2013ൽ ആരംഭിച്ച സ്നേഹിത 13 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. കൂടുതൽ ആളുകളിലേക്ക് സ്നേഹിതയുടെ സേവനങ്ങളും പ്രവർത്തനങ്ങളും എത്തിക്കുന്നതിന്റെ ഭാഗമായിട്ടാണ് ലോകകപ്പ് ഫുട്ബോൾ പ്രവചന മത്സരം സംഘടിപ്പിക്കുന്നത്. ഗൂഗിൾ ഫോം മുഖേനയാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. ജൂലൈ 12 വരെയാണ് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള സമയം.

സ്റ്റീഫൻ കോശി ഇന്റർനാഷണൽ മാസ്റ്റേഴ്സ് ബാസ്കറ്റ്ബോൾ ടൂർണമെന്റ് 28 വരെ

കൊച്ചി: സ്റ്റീഫൻ കോശി ഇന്റർനാഷണൽ മാസ്റ്റേഴ്സ് ബാസ്കറ്റ്ബോൾ ടൂർണമെന്റിന് തുടക്കം. 28 വരെ കോട്ടയം സ്പോർട്സ് കൗൺസിൽ ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ നടക്കുക.

ടൂർണമെന്റിൽ പങ്കെടുക്കുന്ന വനിതാ താരങ്ങൾക്ക് കാവേരി ഹോസ്പിറ്റൽ പിന്തുണ നൽകും. വനിത- പുരുഷ വിഭാഗങ്ങളിലായി 100 ടീമുകളാണ് ഈ ടൂർണമെന്റിൽ പങ്കെടുക്കുന്നത്. ഫീനിക്സ് ഇന്ത്യ അക്കാദമി ബാസ്കറ്റ്ബോൾ ക്ലബ്ബിൽ നിന്നുള്ള 35 വനിതാ താരങ്ങൾക്കാണ് കാവേരി ഹോസ്പിറ്റൽ പിന്തുണ നൽകുന്നത്. 30, 35, 40, 45 വയസ്സിന് മുകളിലുള്ള നാല് പ്രായവിഭാഗങ്ങളിലായാണ് മത്സരം. ജോലി ചെയ്യുന്ന സ്ത്രീകൾ, വിവാഹിതർ, വീട്ടമ്മമാർ, അമ്മമാർ എന്നിങ്ങനെ വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ളവരാണ് ഈ താരങ്ങൾ.

ചെന്നൈ, ബാംഗ്ലൂർ, ഡെറാഡൂൺ, മുംബൈ, പഞ്ചാബ്, കേരളം, കോയമ്പത്തൂർ, സേലം തുടങ്ങി വിവിധ നഗരങ്ങളിൽ നിന്നുമുള്ളവർ ഈ ടീമിലുണ്ട്. കായികരംഗത്തെ സ്ത്രീകളെ പിന്തുണയ്ക്കുന്നതിലും, സജീവവും ശക്തവുമായി തുടരാൻ ആഗ്രഹിക്കുന്ന സ്ത്രീക്കൊപ്പം നിൽക്കുന്നതിലും കാവേരി ഹോസ്പിറ്റൽ അഭിമാനിക്കുന്നുവെന്ന് കാവേരി ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. മണിവണ്ണൻ ശെൽവരാജ് പറഞ്ഞു.സ്റ്റീഫൻ കോശി ഇന്റർനാഷണൽ മാസ്റ്റേഴ്സ് ബാസ്കറ്റ്ബോൾ ടൂർണമെന്റ് കായിക രംഗത്തിലൂടെ സ്ത്രീ ശാക്തീകരണവും സമൂഹത്തിന്റെ പങ്കാളിത്തവും ഫിറ്റ്നസും പ്രോത്സാഹിപ്പിക്കുന്നതിനുള്ള മികച്ച അവസരമാണ്.

മാമ്പഴം തീറ്റമത്സരം: ഒന്നാം സ്ഥാനം നേടി ബോണി ചെറിയാൻ

കൊച്ചി: അഗ്രികൾച്ചറൽ പ്രമോഷണൽ സൊസൈറ്റി മറൈൻ ഡ്രൈവിൽ സംഘടിപ്പിക്കുന്ന മാംഗോ ഫെസ്റ്റിന്റെ ഭാഗമായി നടന്ന മാമ്പഴ തീറ്റ മത്സരത്തിൽ ബോണി ചെറിയാൻ ഒന്നാം സ്ഥാനം നേടി. 3 മിനിറ്റിൽ 6 മാമ്പഴം കഴിച്ചാണ് ബോണി ജേതാവായത്. രണ്ടാം സ്ഥാനം രണ്ട് പേർ പങ്കിട്ടു. അഞ്ചര മാങ്ങ കഴിച്ച സജി ഗോപാൽ, ബ്രിജിതാമ്മ എന്നിവരാണ് രണ്ടാം സ്ഥാനം പങ്കിട്ടത്. 5 മാങ്ങ കഴിച്ച സിബി വി ആന്റണി മൂന്നാം സ്ഥാനം നേടി. ഹൈബി ഈഡൻ എംപി മത്സരം ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര സീരിയൽ നടി സാധിക വേണുഗോപാൽ മുഖ്യാതിഥിയായിരുന്നു. മിസ് ഇന്ത്യ ഫിറ്റ്നസ് റണ്ണർ അപ് ജിനി ഗോപാൽ സമ്മാനദാനം നിർവഹിച്ചു. 30 വ്യത്യസ്തതരം മാവിൻതൈകളും മേളയിൽ ലഭിക്കും. കിലോയ്ക്ക് രണ്ടര ലക്ഷം രൂപ വിലവരുന്ന വിദേശയിനം മിയസാഖി മാവിൻ തൈകളും മേളയിൽ ലഭിക്കും.

ഇന്നു രാവിലെ 11 മണിക്ക് കുട്ടികളുടെ ചിത്രരചനാ മത്സരം, 28 ന് വൈകിട്ട് 4 മണിക്ക് വീട്ടമ്മമാരുടെ മാമ്പഴ പുഡ്ഡിംഗ് മത്സരം എന്നിവയും നടക്കും. രജിസ്ട്രേഷന്: 9562076779.മൽഗൊവ, ചക്കരകട്ടി, തോട്ടാപൂരി, ബംഗനപള്ളി, കാട്ടു സുന്ദരി, നീലം, അൽഫൊൻസ, കല്ലുകട്ടി തുടങ്ങിയ പരിചിത ഇനങ്ങൾക്ക് പുറമേ കേസർ, റുമാനി, ബോംബെ ഗ്രീൻ, ഹിമസാഗർ, രാജാപുരി, ബദാമി, ഹിമയുദ്ധീൻ, ഒലോർ, സഫെഡ, രാസ്പുനിയ, മല്ലിക, ഹിമായത്ത്, അമരപാലി, ചക്കരക്കുട്ടി, പൂരി, സിന്ധൂരി, നൗരാസ്, സുവർണ്ണരേഖ, അൽ ബദ്രി, ചുങ്കിരി, ഗുലാബ്ഖസ്, ലങ്ഗ്ര, രസൗസി, തംബൂർ, ടോമി, റ്റെലുർ മസിൻ, അൽ സുഹാന, മാതംഗി തുടങ്ങി 99 ലേറെ വ്യത്യസ്ഥതരം മാമ്പഴങ്ങളാണ് പ്രദർശനത്തിനുള്ളത്.

മലയാളികൾക്ക് പരിചിതമല്ലാത്ത ഒട്ടേറെ മാമ്പഴ വിഭവങ്ങൾ മേളയിലുണ്ട്. കേരളത്തിനകത്തും പുറത്തും വിളഞ്ഞ മാമ്പഴങ്ങൾ പ്രകൃതിദത്തമായ രീതിയിൽ പഴുപ്പിച്ചാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്.കൺസ്യൂമർ ഫെസ്റ്റ്, ഫുഡ് ഫെസ്റ്റ്, പായസമേള, ഫർണിച്ചർ മേള, നഴ്സറി, കിഡ്സ് സോൺ എന്നിവയും മാംഗോ ഫെസ്റ്റിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. 30 രൂപ മുതൽ സാധനങ്ങൾ വാങ്ങാൻ കഴിയുന്ന ഡിസ്കൗണ്ട് മേളയും ഇതോടനുബന്ധിച്ച് നടക്കും. ജൂൺ 30 വരെയാണ് മാമ്പഴ മേള. രാവിലെ 11 മുതൽ രാത്രി 9 വരെ നടക്കുന്ന മാംഗോ ഫെസ്റ്റിൽ പ്രവേശനം പാസ് മൂലം.

മാമ്പഴ തീറ്റ മത്സരം ഹൈബി ഈഡൻ എം പി ഉദ്ഘാടനം ചെയ്യുന്നു. സാധിക വേണുഗോപാൽ, ജിനി ഗോപാൽ, ഷമീർ വളവത്ത് തുടങ്ങിയവർ സമീപം.

സ്കൂട്ടർ യാത്രികയെ ഇടിച്ച ബസ് ഓടിച്ചത് ലൈസൻസ് റദ്ദാക്കിയ ഡ്രൈവർ

മട്ടാഞ്ചേരി: മട്ടാഞ്ചേരിയിൽ സ്വകാര്യ ബസിടിച്ച് സ്കൂട്ടർ യാത്രക്കാരിക്ക് പരിക്കേറ്റ സംഭവത്തിൽ ഡ്രൈവർക്കെതിരേ മോട്ടോർ വാഹന വകുപ്പ് നടപടി തുടങ്ങി. പെരുമ്പാവൂർ സ്വദേശിയായ റെനീഷാണ് ബസ് ഓടിച്ചിരുന്നത്. അപകടത്തെ തുടർന്ന് ഇയാൾ വണ്ടി ഉപേക്ഷിച്ച് ഓടിയിരുന്നു.ആലുവ - തോപ്പുംപടി റൂട്ടിലോടുന്ന 'ബിസ്മില്ലാ' ബസ്സിടിച്ചാണ് അപകടമുണ്ടായത്. അപകടം നടക്കുന്ന സമയത്ത് ഇയാളുടെ ലൈസൻസ് റദ്ദാക്കിയിരുന്നുവെന്ന് മോട്ടോർ വാഹന വകുപ്പ് അധികൃതർ നടത്തിയ പരിശോധനയിൽ കണ്ടെത്തി.ഇയാളുടെ ലൈസൻസ് സ്ഥിരമായി റദ്ദാക്കുന്നതിനായി നടപടികൾ ആരംഭിച്ചതായി മോട്ടോർ വാഹന വകുപ്പ് അധികൃതർ പറഞ്ഞു.മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വി.ഐ അസീം, അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പി. ജോർജ് വർഗീസ് എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം നടത്തിയത്.

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ - ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ്, സ്ഥാവര സ്വത്തുക്കളുടെ

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ പ്രൊവിസോ റൂൾ 8(6) ചേർത്തുവായിക്കുക. പ്രകാരം സ്ഥാവര സ്വത്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

രജിസ്റ്റർ ചെയ്ത ഓഫീസ്: 9-ാം നില, അന്തരിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com

ശാഖ ഓഫീസ്: ഒന്നാം നില, ചാക്കോസ് ടവർ, എംജി റോഡ്, എറണാകുളം, കൊച്ചി - 682035, കേരളം

ലോൺ നമ്പർ വായ്പക്കാരന്റെ/ സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ/ നിയമപരമായ അവകാശികളുടെ പേര് (എ)	ആവശ്യപ്പെട്ട തുക & തിയതി (ബി)	കൈവശ സ്വഭാവം (സി)	ലേലത്തിനു വെച്ചിരിക്കുന്ന വസ്തുക്കളുടെ വിവരങ്ങൾ (ഡി)	റിസർവ് തുക (ഇ)	ഇഎംഡി (എഫ്)	ബിഡ് സമർപ്പിക്കുന്നതിനുള്ള അവസാന തിയതി (ജി)	ബിഡ് വർധനവ് (എച്ച്)	ഇൻസ്പെക്ഷൻ തിയതി & സമയം (ഐ)	ലേലത്തിന്റെ തിയതി & സമയം (ജെ)	അറിയപ്പെടുന്ന ബാധ്യതകൾ (കെ)
HOU/COC/0119/641594 പ്രകാശ് കെ പി / മിനു പി എസ് , ബിഷ കൊച്ചി	Rs. 29,47,295.17 as on 08.04.2021	ഫിസിക്കൽ പൊസഷൻ	റിസർവെ നമ്പർ 261/10/4, കൂവപ്പടി വില്ലേജ്, കുന്നത്തുനാട് താലൂക്ക്, എറണാകുളം, കേരളം- 683545	Rs. 16,20,000	Rs. 1,62,000	16.07.2026	Rs. 10,000	03.07.2026 11:00 AM to 5:00 PM	17.07.2026 2:00 PM to 3:00 PM	(അറിവില്ല)

[illegible]

സ്ഥലം: കൊച്ചി, തിയതി: 26.06.2026 ഒപ്പ്/- അംഗീകൃത ഓഫീസർ, M/s പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്